
നിങ്ങൾ ഒരു വിശിഷ്ട
വ്യക്തിയാകുന്നു

# നിങ്ങൾ ഒരു വിശിഷ്ട വ്യക്തിയാകുന്നു

മനുഷ്യന്റെ പ്രവർത്തന പാടവത്തിനു പകരമായി ശാസ്ത്രീയ ഗവേഷണങ്ങളും ആധുനിക കണ്ടുപിടിത്തങ്ങളും സ്ഥാനം പിടിക്കുന്ന ഈ കമ്പ്യൂട്ടർ യുഗത്തിൽ, മനുഷ്യന്റെ യഥാർത്ഥമൂല്യം ആരും മനസ്സിലാക്കുന്നില്ല. തങ്ങളുടെ ശാരീരിക പാടവങ്ങൾ കൊണ്ടും സംഗീത വൈഭവം കൊണ്ടും കായിക സാമർത്ഥ്യങ്ങൾ കൊണ്ടും ശ്രദ്ധേയരായി തീരുന്ന ചിലർ ഉണ്ട്. ഇവർ പൊതുജനശ്രദ്ധ പിടിച്ചുപറ്റുന്നതിൽ വിജയിച്ചേക്കാം. എന്നാൽ നാം തെരുവിഥികളിൽ കണ്ടുമുട്ടുന്ന ജനങ്ങളിൽ ഭൂരിപക്ഷവും ആരുമാരും ശ്രദ്ധിക്കാതെ, തിരിച്ചറിയാതെ കടന്നുപോകുന്നു.



ഒരു ശരാശരി ശരീരത്തിലെ രാസവസ്തുക്കൾക്ക് 36 രൂപ മാത്രമേ വിലയുള്ളൂ എന്ന് ശാസ്ത്രജ്ഞന്മാർ പ്രസ്താവിക്കുന്നു. ലോകത്തിന്റെ പോക്ക് നോക്കിയാൽ മനുഷ്യൻ ആരുമല്ലാത്തവൻ ആയിരിക്കുന്നു. തങ്ങൾ എത്രയധികം കിണഞ്ഞ് യത്നിക്കുന്നുവെങ്കിലും അവരുടെ ഉദ്യമങ്ങൾ സമൂഹം അംഗീകരിക്കാത്തതുകൊണ്ടും



അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കപ്പെടാത്തതുകൊണ്ടും ലോകത്തിൽ തങ്ങളുടെ വ്യക്തിത്വം പതിപ്പിക്കുവാൻ കഴിയാത്തതുകൊണ്ടും എത്ര പ്രാവശ്യമാണ് യുവജനങ്ങളും അതുപോലെ വയോധികരും നിരാശപ്പെട്ടിരിക്കുന്നത്.

വേദപുസ്തകത്തിൽ കർത്താവായ യേശു കാണാതെ പോയ ആടിനെക്കുറിച്ച് ഒരു ഉപമ പ്രസ്താവിച്ചിരിക്കുന്നു. (ലൂക്കൊ. 15-ാം അധ്യായം) ഒരു ഇടയന് നൂറ് ആടുകൾ ഉണ്ടായിരുന്നു. അവയിൽ ഒന്ന് കാണാതെ പോയി. ആ കാണാതെ പോയ



ആടിനെ ഏതുവിധേനയെങ്കിലും കണ്ടെത്തണം എന്ന ഏക ഉദ്ദേശത്തോടെ തൊണ്ണൂറ്റിയൊമ്പത് ആടുകളെയും വിട്ടിട്ട് ഇടയൻ ആ ഒരു ആടിനെ അന്വേഷിച്ച് പോയി. കണ്ടെത്തിയ ഉടനെ അവൻ അതിനെ ചുമലിൽ കയറ്റി ഭവനത്തിൽ കൊണ്ടുവന്ന് തന്റെ സ്നേഹിതന്മാരേയും അയൽക്കാരേയും വിളിച്ച് കൂട്ടി 'കാണാതെ പോയ എന്റെ ഈ ആടിനെ കണ്ടുകിട്ടിയതുകൊണ്ട് എന്നോടുകൂടെ സന്തോഷിപ്പിൻ' എന്ന് അവരോടു പറഞ്ഞു (വച.6). കാണാതെ പോയത് ഒരു ആട് ആണെങ്കിലും ഇടയന് അത് അമൂല്യമായിരുന്നു. 'ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു' (യോഹ. 10:11) എന്ന് കർത്താവ് യേശു അരുളിച്ചെയ്തിരിക്കുന്നു.



നിങ്ങൾ ആട്ടിൻ കൂട്ടത്തെ വിട്ടും ഭവനത്തെവിട്ടും അലഞ്ഞ് ഉഴലുന്ന, നഷ്ടപ്പെട്ടുപോയ, ആടിനെപ്പോലെ ആയിരിക്കാം. എന്നാൽ ആ നല്ല ഇടയന് നിങ്ങൾ വിശ്ഷ്ടനായ

ഒരു വ്യക്തിയത്രെ. നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കു വേണ്ടി മരിച്ചു (റോമ. 5:8) എന്ന് ബൈബിൾ പറയുന്നു. മാത്രമല്ല, 'ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല' (യെശ. 49: 15) എന്ന് ദൈവം അരുളിച്ചെയ്യുന്നു. ദൈവത്തിന് നിങ്ങൾ ഒരു വിശിഷ്ടനായ വ്യക്തിയത്രെ.



ഒരു പക്ഷെ ആരും നിങ്ങൾക്കായി കരുതുവാനില്ല, ആരും നിങ്ങളെ മനസ്സിലാക്കുന്നുമില്ല എന്ന് നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ നിങ്ങൾക്കായി കരുതുകയും, നിങ്ങളെ മനസ്സിലാക്കുകയും ചെയ്യുന്നവനായ ഒരു വ്യക്തിയുണ്ട്. കർത്താവായ യേശുക്രിസ്തു എന്ന ആ വ്യക്തിയോട് നിങ്ങളെ പരിചയപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവനു വേണ്ടപ്പെട്ട ഒരാൾ ആയി, രക്ഷിക്കുവാൻ യോഗ്യതയുള്ള ഒരാളായി, നിങ്ങൾക്കു വേണ്ടി



താൻ മരിക്കുവാൻ പോലും യോഗ്യതയുള്ള ആളായി യേശു നിങ്ങളെ കാണുന്നു. തന്റെ കാഴ്ചയിൽ നിങ്ങൾ അത്യന്തം വിലയുള്ളവനും അവർണ്ണ്യമാംവിധം അമൂല്യനുമായ ആളത്രെ. യേശു നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെ രക്ഷിക്കുവാൻ വേണ്ടി അവൻ

മരിച്ചു. നിങ്ങളോട് ക്ഷമിക്കുവാൻ വേണ്ടി, നിങ്ങൾ അന്വേഷിക്കുന്ന സംതൃപ്തിയും സന്തോഷവും സമാധാനവും നിങ്ങൾക്ക് നൽകുവാൻ വേണ്ടി അവൻ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു. നിങ്ങൾക്ക് ക്രിസ്തുവിന്റെ അടുക്കലേക്ക് വന്ന് തന്റെ പൈതലായിത്തീരാം.

നിങ്ങൾ ഒരു പക്ഷെ, 'ഞാൻ ബഹുദൂരം അകന്നുപോയിരിക്കുന്നു, എനിക്ക് ഇനി ആശക്കു വകയില്ല, ഞാൻ എന്റെ ബലഹീനതകൾക്ക് അടിമായാകുന്നു. എന്നെ സഹായിക്കുവാൻ ആരുമില്ല' എന്നു പറഞ്ഞേക്കാം. ക്രിസ്തുവിൽ കൂടെ പുതിയ പ്രത്യാശ, നവജീവൻ, സന്തോഷം, സമാധാനം, ഒരു ഉദ്ദേശം, ഒരു ലാക്ക്, ഒരു ജീവിതലക്ഷ്യം നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയും. നിങ്ങളുടെ ജീവിതത്തെ യേശുക്രിസ്തുവിന് സമർപ്പണം ചെയ്താൽ ഇത് നിങ്ങൾക്കും ഇന്നു തന്നെ ഇപ്പോഴേ ലഭ്യമാകും.

പ്രാർത്ഥന:

**'കർത്താവായ യേശുവേ, ഞാൻ ഒരു പാപിയാകുന്നു. ദയവായി എന്നോടു ക്ഷമിക്കേണമേ. അങ്ങ് എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ആയുഷ്ക്കാലം മുഴുവനും**



ഇനി ഞാൻ അങ്ങയെ അനുഗമിക്കും. ഞാൻ അങ്ങയെ എന്റെ രക്ഷിതാവും ദൈവവുമായി സ്വീകരിക്കുന്നു. ഞാൻ എന്റെ ജീവിതം മുഴുവനും അങ്ങേക്ക് നൽകുന്നു.' ആമേൻ.

